സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.KSAEKM(BP)2028/17

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
തീയതി.30.11.2017
e-mail.lfadekm@gmail.com
0484- 247771

ജോയിന്റ് ഡയറക്ടർ
പ്രസിഡന്റ് ,
വടവുകോട് ബ്ലോക്ക് പഞ്ചായത്ത്
(സെക്രട്ടറി മുഖേന)
സർ,

വിഷയം :വടവുകോട് ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ് മെന്റ് കമ്മീഷണർ,എറണാകുളം
3)കാര്യാലയ പകർപ്പ്.

നം KSAEKM (ബി.പി.) 2028/2017 തിയ്യതി: 30. 11.2017

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ
2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.8.2016മുതൽ 18.10.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 11അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ചെയ്ത ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ധന്യാ ബാലകൃഷ്ണൻ ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 19.10.2017 മുതൽ 27.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി ഉമ ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ രാജീവ് ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഗൗരി വേലായുധൻ | 1.4.2016 | 31.3.2017 |
| വൈസ് പ്രസിഡന്റ് | ശ്രീ ബിനീഷ് പുല്യാട്ടേൽ | 1.4.2016 | 31.3.2017 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |

| | | | |
|---|---|---|---|
| വികസന കാര്യം | ശ്രീമതി ലത സോമൻ | 1.4.2016 | 31.3.2017 |
| ക്ഷേമകാര്യം | ശ്രീ എൻ.എൻ. രാജൻ | 1.4.2016 | 31.3.2017 |
| വിദ്യാഭ്യാസ & ആരോഗ്യകാര്യം | ശ്രീമതി ബീന കുര്യാക്കോസ് | 1.4.2016 | 31.3.2017 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ വി ശാന്താറാം | 1.4.2016 | 15.6.2016 |
| | ശ്രീ വി.ആർ. ഷാജി | 16.6.2016 | 9.8.2016 |
| | ശ്രീ ടി.ബി. മീരാൻ കുഞ്ഞ് | 10.8.2016 | 31.3.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ്ഡയറക്ടർ (കൃഷി) | ശ്രീ എൻ.കെ. ഉണ്ണിമോൻ | 1.4.2016 | 31.3.2017 |
| മെഡിക്കൽഓഫീസർ (സി.എച്ച്.സി, വടവുകോട്) | ഡോ.സുജ അലോഷ്യസ് | 1.4.2016 | 31.3.2017 |
| മെഡിക്കൽഓഫീസർ (സി.എച്ച്.സി, കടയിരുപ്പ്) | ഡോ. രാജലക്ഷ്മി | 1.4.2016 | 31.3.2017 |
| ശിശു ക്ഷേമ വികസന ഓഫീസർ | ശ്രീമതി പ്രീത ആർ | 1.4.2016 | 31.3.2017 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ഷെമി എ.എച്ച്. | 1.4.2016 | 31.3.2017 |
| പട്ടികജാതിവികസന ഓഫീസർ | ശ്രീ വിൽസൺ മാത്യു | 1.4.2016 | 31.3.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ തങ്കച്ചൻ പി.ജെ. | 1.4.2016 | 31.3.2017 |
| ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജാക്വിലിൻ ഡൊമിനിക് | 1.4.2016 | 31.3.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 | |
| 5 | പദ്ധതി അവലോകനം. | 1-5 | |
| 6 | തനത് വരുമാനം. | 1-6 | |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 | |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 | |
| | ഭാഗം 2 | | |
| 1 | ഇ- ടെണ്ടർ - ഫോറം വില - ലഭിക്കുന്നില്ല | 2-1 | |
| | ഭാഗം- 3 | | |
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പ്രോജക്ട്- ട്രാൻസ്പ്ലാന്റിംഗ് മെഷിൻ ലഭിച്ചിട്ടില്ല | 3-1 | |
| 2 | ഗ്രാമപഞ്ചായത്തിന് ബയോഗ്യാസ് പ്ലാന്റ് വിഹിതം - പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കാത്തത് | 3-2 | |
| 3 | സെന്റേജ് ചാർജ്ജ് അധികം നൽകിയത്- 11067/- രൂപാ. | 3-3 | |
| 4 | ഐഎ വൈ ഭവന നിർമ്മാണം- ഭവന നിർമ്മാണം പൂർത്തികരിക്കാത്തവർ | 3-4 | |
| 5 | തനത് ഫണ്ട് ചെലവുകൾ- പൊതുവായ ന്യൂനതകൾ | 3-5 | |
| 6 | റവന്യൂ വകുപ്പിൽ നിന്നും വാഹന വാടകയും ഇന്ധനച്ചെലവും തിരികെ ലഭിച്ചില്ല | 3-6 | |
| 7 | വാഹന ഇൻഷ്വറൻസ് - അപാകതകൾ സംബന്ധിച്ച്- | 3-7 | |
| 8 | വാഹനങ്ങൾ കണ്ടം ചെയ്യുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 3-8 | |
| 9 | പെയിൻ ആന്റ് പാലിയേറ്റീവ് പ്രോഗ്രാം- പദ്ധതി മാർഗ്ഗരേഖകൾ പാലിച്ചിട്ടില്ല | 3-9 | |

| | | | |
|---|---|---|---|
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡിപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| | ബാലൻസ് ഷീറ്റ് | അനുബന്ധം.2 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 01.03.2016ലെ ബ്ലോക്ക് പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു -തീരുമാനം 1. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 36,27,40,000/- | 18,49,34,525/- |
| വാർഷിക കണക്ക് പ്രകാരം | 7,16,19,219/- | 7,24,14,043/- |
| വ്യത്യാസം | 29,11,20,781/- | 11,25,20,482/- |

ബജറ്റിൽ പ്രതിപാദിക്കുന്ന വരവു ചെലവും, യഥാർത്ഥ വരവുചെലവുമായി വൻ അന്തരമുണ്ട്. മുൻ വർഷങ്ങളിലും ഇപ്രകാരമുള്ള വൻ വ്യത്യാസങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും, യഥാർത്ഥ വരവു ചെലവുകളെ പ്രതിഫലിപ്പിക്കുന്ന രീതിയിൽ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതും പ്രാവർത്തികമാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 31.7.2017 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28059805 |
| വരവ് | 71619219 |
| ആകെ | 99679024 |
| ചെലവ് | 72414043 |
| നീക്കിയിരിപ്പ് | 27264981 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 2,22,53,102 | 1,95,73,764 | 87.95% |
| വികസനഫണ്ട് - എസ്.സി.പി. | 1,45,28,718 | 1,27,83,141 | 87.98 |
| വികസനഫണ്ട് - ടി.എസ്.പി. | 3,58,578 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 34,63,233 | 32,35,682 | 93.42 |
| എസ്. ജി.എസ് .വൈ. | 6,178 | 6,178 | 100 |

| | | | |
|---|---|---|---|
| ടി.എസ്. സി. | 0(മുന്നിരിപ്പ് 1,06,170/-) | 1,06,170 | 100% |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ % |
|---|---|---|---|---|---|---|
| 99 | 60259878 | 68 | 36437201 | 9 | 22 | 69 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രൊജക്റ്റുകളും നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-6 തനത് വരുമാനം.

2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 159%ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | - | - | - | - |
| നികുതിയേതര വരവുകൾ | 155772 | 470504 | 314732 | 202% |
| മറ്റുവരവുകൾ | 25407 | - | -25407 | -100% |
| ആകെ | 181179 | 470504 | 289325 | 159% |

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2017 ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ സ്വീകരിച്ച പണം എല്ലാം അടവാക്കിയിട്ടുള്ളതായി കണ്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.10.17 മുതൽ 11.10.17 വരെ | 16-17 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.03.14 മുതൽ 10.03.14 വരെ | 12-13 | 29.05.14 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ- ടെണ്ടർ - ഫോറം വില - ലഭിക്കുന്നില്ല

ഇ -ടെണ്ടർ ഫോറമിനത്തിൽ ലഭിക്കേണ്ട വരുമാനം ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല. ഇ-ടെണ്ടർ മുഖേന നടത്തുന്ന ടെണ്ടറുകളുടെ ഫോറം വിലയായി ലഭിക്കുന്ന തുക ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് മാറ്റപ്പെടുന്നത്. ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുകയാണ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഉള്ളത്. 2016-17 വർഷത്തിൽ ഇ-ടെണ്ടർ ഫോറമിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ഫോറം വില | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ തുക |
|---|---|---|---|---|---|
| 1 | പുത്തൻ കുരിശ് പകൽ വീട് മെയിന്റനൻസ് | 9,00,000 | 1,800 | 8 | 14,400 |
| 2 | കടയിരുപ്പ് ഗവ. HSS- ടോയ് ലെറ്റ് നിർമ്മാണം | 5,00,000 | 1,000 | 5 | 5,000 |
| 3 | കോലഞ്ചേരി ഗവ. LPസ്കൂളിൽ - ടോയ് ലെറ്റ് നിർമ്മാണം | 5,00,000 | 1,000 | 3 | 3,000 |
| 4 | കുറുകപ്പിള്ളി ഗവ. LP സ്കൂളിൽ - ടോയ് ലെറ്റ് നിർമ്മാണം | 5,00,000 | 1,000 | 7 | 7,000 |
| 5 | വരിക്കോലി വനിത തൊഴിൽ പരിശീലന കേന്ദ്രം മെയിന്റനൻസ് | 5,50,000 | 1,100 | 6 | 6,600 |
| 6 | തിരുവാണിയൂർ പഞ്ചായത്തിലെ കണ്ടാരത്തുമല എസ്.സി. കോളനി സമഗ്ര വികസനം | 5,00,000 | 1,000 | 7 | 7,000 |

| | | | | | |
|---|---|---|---|---|---|
| 7 | മഴവന്നൂർപഞ്ചായത്തിലെ നെട്ടമല കോളനി സമഗ്ര വികസനം | 5,00,000 | 1,000 | 9 | 9,000 |
| 8 | തിരുവാണിയൂർ പഞ്ചായ ത്തിലെ 10 ാം വാർഡ് പൂളി നിരപ്പ് കോളനി സമഗ്ര വികസനം | 5,00,000 | 1,000 | 8 | 8,000 |
| 9 | കുന്നക്കുരുടി മങ്കുഴി എസ്.സി. കോളനി കുടിവെള്ള പദ്ധതി മെയിന്റനൻസ് | 5,00,000 | 1,000 | 3 | 3,000 |
| 10 | കണിച്ചിക്കുഴികോളനി സമഗ്ര വികസനം | 5,00,000 | 1,000 | 2 | 2,000 |
| 11 | ഐക്കരനാട് പഞ്ചായത്തിലെ ഭജനമഠം ലക്ഷം വീട് കോളനി സമഗ്ര വികസനം | 5,00,000 | 1,000 | 9 | 9,000 |
| 12 | മാച്ചേരിക്കുടി മാളിക ക്കുടി കോളനി നവീകരണം | 5,00,000 | 1,000 | 2 | 2,000 |
| 13 | വടവുകോട് സി.എച്ച്.സി. മെയിന്റനൻസ് | 11,49,089 | 2,500 | 3 | 7,500 |
| 14 | കടയിരുപ്പ് സി.എച്ച്.സി. മെയിന്റനൻസ് | 2,00,000 | 500 | 2 | 1,000 |
| 15 | FACT പുനരധിവാസ എസ്.സി. കോളനി വികസനം | 5,00,000 | 1,000 | 3 | 3,000 |
| 16 | സി.ഡി.പി.ഒ. ഓഫീസ് മെയിന്റനൻസ് | 80,000 | 500 | 1 | 500 |
| 17 | കിളികുളം,പാൽസൊസൈറ്റി ചാലിപ്പാടം റോഡ്സൈഡ് പ്രൊട്ടക്ഷൻ | 5,00,000 | 1,000 | 13 | 13,000 |
| 18 | വെമ്പിള്ളി കാടായത്തുമല എസ്.സി.കോളനിവികസനം | 5,00,000 | 1,000 | 5 | 5,000 |
| 19 | കുറ്റകോളനി സെൻട്രൽ റോഡ് റീ ടാറിംഗ് | 5,48,604 | 1,100 | 4 | 4,400 |

| | | | | | |
|---|---|---|---|---|---|
| 20 | ആശ്രമം കവല വടവുകോട് റോഡ് റീടാറിംഗ് | 5,50,000 | 1,100 | 2 | 2,200 |
| 21 | റേഷൻ കട തൈങ്ങനാൽ താഴെ റോഡ് നിർമ്മാണം | 5,50,000 | 1,100 | 7 | 7,700 |
| 22 | നട്ടുമുഗൾ കോളനി സമഗ്ര വികസനം | 50,00,00 | 1,000 | 2 | 2,000 |
| 23 | കുന്നത്തുനാട്പഞ്ചായത്തിലെ വീപ്പനാകുടി എസ്.സി. കോളനി സമഗ്രവികസനം | 5,00,000 | 1,000 | 2 | 2,000 |
| 24 | നീലിമല എസ്. സി. കോളനി സമഗ്രവികസനം | 50,00,00 | 1,000 | 3 | 3,000 |
| 25 | പോത്തനാം പറമ്പ് അധികാരി മൂല റോഡ് റീടാറിംഗ്, കട്ട വിരിക്കൽ | 5,00,000 | 1,000 | 2 | 2,000 |
| 26 | അമ്പലമേട് പേന്താലത്താഴം അത്തുട്ട് താഴം റോഡ് റീ ടാറിംഗ് | 500000 | 1000 | 4 | 4,000 |
| 27 | പാല ചുവട് ഊരടിക്കൽ റോഡ് റീ ടാറിംഗ് | 5,00,000 | 1,000 | 3 | 3,000 |
| 28 | തോട്ടുങ്കമല റോഡ് റീടാറിംഗ് | 5,00,000 | 1,000 | 3 | 3,000 |
| 29 | കറുകത്തേടത്ത് പീടിക വലമ്പൂർ കുരിശ് റോഡ് റീടാറിംഗ് | 5,00,000 | 1,000 | 4 | 4,000 |
| 30 | തട്ടമുകൾ എസ്.സി. കോളനി റോഡ് റീടാറിംഗ് | 5,00,000 | 1,000 | 13 | 13,000 |
| 31 | തിരുവാണിയൂർ പഞ്ചായ ത്തിലെ പഴക്കാമറ്റം വെട്ടിക്കൽ സെമിനാരി റോഡ്ടാറിംഗ് | 5,00,000 | 1,000 | 2 | 2,000 |
| 32 | തമ്മാനി മറ്റം പാറേക്കാട്ടിൽ കോളനി നവീകരണം | 5,00,000 | 1,000 | 3 | 3,000 |
| 33 | പൂതൃക്ക പഞ്ചായത്തിലെ ചൂണ്ടി ലക്ഷം വീട് കോളനിയിൽ കമ്യൂണിറ്റി | 5,00,000 | 1,000 | - | - |

| | | | | | |
|---|---|---|---|---|---|
| | ഹാൾ | | | | |
| 34 | ഐരാപുരം എസ്.ടി. കോളനിയിൽ കുടിവെള്ള പദ്ധതി | 5,00,000 | 1,000 | 2 | 2,000 |
| 35 | ഡബിൾ പാലം ചെങ്ങര അത്താണി റോഡ് റീടാറിംഗ് | 7,50,000 | 1,500 | 2 | 3,000 |
| | ആകെ | | | | 1,66,300 |

ബ്ലോക്ക് പഞ്ചായത്തിന് അർഹമായ തുക തിരികെ ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പ്രോജക്ട്- ട്രാൻസ്പ്ലാന്റിംഗ് മെഷിൻ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0054 /16-17 . സമിതിക്ക് യന്ത്രങ്ങൾ വാങ്ങുന്നത്. |
| അടങ്കൽ | 22,50,000/- (16,87,500/- വികസന ഫണ്ട്, 5,62,500- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 7,50,000/-<br>2,15,625/- ചെക്ക് നമ്പർ 80,15,050/ 15.06.17<br>5,34,375/- ബിൽ നമ്പർ 16-17/ 29.03.17 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസി. ഡയറക്ടർ |

പാടശേഖര സമിതികൾക്കായി മഹീന്ദ്ര മിത്സുബിഷി 4 റോ റൈഡിങ്ങ് ടൈപ്പ് ട്രാൻസ് പ്ലാന്റർ വാങ്ങുന്നതിനായി തീരുമാനിക്കുകയും, kerala Agro Industries Corporation ന്റെ പ്രൊഫോർമ ഇൻവോയ്സ് നം 606/16-17 /28.03.17 പ്രകാരം 7,50,000/- രൂപ മേൽ വിവരിച്ച പ്രകാരം KAICO ക്ക് നൽകുകയും ചെയ്തു. ട്രാൻസ് പ്ലാന്റർ ലഭ്യമായിട്ടുള്ള പക്ഷം വിവരം അറിയിക്കുവാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/23.10.17) യന്ത്രം ലഭ്യമായിട്ടില്ലെന്നും, നിലവിൽ ഉണ്ടായ വില വ്യത്യാസം മൂലം മഹീന്ദ്ര കമ്പനിയുടെ ഡീലർ മേൽ തുകയ്ക്ക് നടീൽ യന്ത്രം വിതരണം നടത്താൻ തയ്യാറല്ല എന്നും അറിയിച്ചു. എന്നാൽ KAICO യിൽ നിന്നും ഇതു സംബന്ധിച്ച അറിയിപ്പൊന്നും ലഭിക്കാത്തതിനാൽ തുടർനടപടികൾ ഒന്നുംനടന്നിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി മുഖേന ഈ വിഷയത്തിൽ KAICO യോട് വിശദീകരണം ആവശ്യപ്പെടാവുന്നതും, പദ്ധതി നടപ്പാക്കുവാൻ ബുദ്ധിമുട്ടുള്ള പക്ഷം തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് തീരുമാനമാകുന്നതു വരെ 7,50,000/-രൂപാ തടസ്സത്തിൽ വയ്ക്കുന്നു. മെഷിൻ ലഭിക്കാതെ തുക അഡ്വാൻസായി നല്കിയതിന് വ്യക്തമായ മറുപടി നല്കേണ്ടതാണ്.

## 3-2 ഗ്രാമപഞ്ചായത്തിന് ബയോഗ്യാസ് പ്ലാന്റ് വിഹിതം - പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കാത്തത്

2016-2017 വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 029/17 |
| പേര് | പൂതൃക്ക ഗ്രാമ പഞ്ചായത്ത് ബയോഗ്യാസ് പ്ലാന്റ് വിഹിതം |
| അടങ്കൽ | 7,00,000/-<br>(വികസന ഫണ്ട്,) |
| ചെലവ് | 7,00,000/- |
| ബിൽ നമ്പർ | 09/16-17/21.03.17 |
| കൈപ്പറ്റ് രസീത് നമ്പർ | ഫണ്ട് ട്രാൻസ്ഫർ മുഖേന |
| ഏജൻസിയുടെ പേര്. | പൂതൃക്ക ഗ്രാമ പഞ്ചായത്ത് |

പദ്ധതികൾ യഥാസമയം പൂർത്തീകരിച്ചിട്ടുള്ള പക്ഷം വിവരം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി 5 മുഖേന ആവശ്യപ്പെട്ടതിന് പഞ്ചായത്ത് ബയോഗ്യാസ് പ്ലാന്റ് വിഹിതം ചെലവഴിക്കാത്തതിനാൽ തുക തിരിച്ചടക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട് എന്നറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചു എന്നുറപ്പ് വരുത്തേണ്ടതാണ്.

## 3-3 സെന്റേജ് ചാർജ്ജ് അധികം നൽകിയത്- 11,067/- രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി, വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

| | |
|---|---|
| പ്രോജക്ട് നമ്പർ<br>എസ് 0128/17 | കുന്നത്തുനാട് പഞ്ചായത്ത്, 7ാം വാർഡ്<br>ടെലിഫോൺ എക്സ്ചേഞ്ച്- വില്ലംപടി<br>റോഡ്- സോസൈറ്റിപ്പടി ലിങ്ക്<br>റോഡ്- കുടിവെള്ള പദ്ധതി. |
| അടങ്കൽ | 500,000/- (വികസന ഫണ്ട്) |
| ചെലവ് | 500,000/- ബിൽ നമ്പർ 15/16-17/ 27.03.2017 |

ഡെപ്പോസിറ്റ് വർക്കായി 500,000/- രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിച്ചിട്ടുള്ള പക്ഷം വിവരം അറിയിക്കേണ്ടതാണ്. വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റ് ചുവടെ ചേർക്കുന്നു.

| | |
|---|---:|
| material cost | 55,776.00 |
| working charge | 386,909.00 |
| centage charge 12.5% | 55,336.00 |

| | |
|---|---|
| unforeseen expenditure | 1,979.00 |
| total | 500,000.00 |

കേരള പി.ഡബ്ല്യ.ഡി മാന്വൽ 1601.4 ഡെപ്പോസിറ്റ് വർക്ക്സ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ് ഈടാക്കാവുന്നതല്ല. ആയതിനാൽ സെന്റേജ് ചാർജ് 10% നൽകിയാൽ മതിയാകും. ഇപ്രകാരം കണക്കാക്കുമ്പോൾ നൽകാവുന്ന സെന്റേജ് ചാർജ്ജ് 44,269/- രൂപാ മാത്രമാണ്. {(55,776+3,86,909)= 4,42,685*10%} 11,067/- രൂപ ( 55,336-44,269) അധികം നൽകിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് എന്തെങ്കിലും വിശദീകരണമുണ്ടെങ്കിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി 6 മുഖേന അറിയിച്ചതിന് നൽകിയ മറുപടിയിൽ സെന്റേജ് ചാർജ്ജ് ഇനത്തിൽ അധികം നൽകിയ 11,067/- രൂപാ തിരികെ ഈടാക്കുന്നതാണെന്നും, പദ്ധതി പൂർത്തീകരിക്കുന്നതിന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി പൂർത്തിയാകുന്നതു വരെ 4,88,933/- രൂപാ തടസ്സത്തിൽ വയ്ക്കുന്നു.

# 3-4 ഐ എ വൈ ഭവന നിർമ്മാണം- ഭവന നിർമ്മാണം പൂർത്തികരിക്കാത്തവർ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 022/17 (ജനറൽ) |
| അടങ്കൽ | 352000/- (വികസന ഫണ്ട്) |
| ചെലവ് | 288000/ ബിൽ നമ്പർ 11/16-17/30.03.17 |

ഭവന നിർമ്മാണ പദ്ധതിക്കായി തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല.

1. സുജാത ഹരി കുമാർ,കൃഷ്ണകൃപ പുതിയേടത്ത്

2. സരസുചന്ദ്രൻ നടുവിലേത്തടം വടയമ്പാടി.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0023/17 (ജനറൽ) |
| അടങ്കൽ | 3,52,000/- (വികസന ഫണ്ട്) |
| ചെലവ് | 2,24,000/ ബിൽ നമ്പർ 12/16-17/30.03.17 |

അഡ്വാൻസ് കൈപ്പറ്റിയിട്ട് പണി തുടങ്ങാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

1.ശാന്താ അയ്യപ്പൻ കുട്ടി, അയ്യവേലിൽ ,കടയിരുപ്പ്. 14.03.17 ൽ 48,000/- രൂപാ കൈപ്പറ്റി.

2.അജി എം കെ ചന്തപ്പറമ്പിൽ പൂതൃക്ക. 27.01.17 ൽ 48,000/- രൂപാ കൈപ്പറ്റി.

3. ചിന്നമ്മ ജോർജ്ജ്

മുൻ വർഷങ്ങളിലെ പ്രോജക്ടുകൾ പരിശോധിച്ചതിൽ ഇനിയും പണി പൂർത്തീകരിക്കാത്തതായി കണ്ട ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1.യമുന രമേശ് മണിയേലിൽ കുഴൂർ

2.അമ്മിണി തങ്കപ്പൻ തെറ്റിക്കോട്ടിൽ കുഴൂർ

3.സുജ അജിമോൻ, ചേലക്കാട്ട് പറമ്പിൽ

4.ശാന്ത ,പാലമോളേക്കുടി

5.കാളിക്കണ്ണൻ കിടാച്ചിറ

6.ലില്ലി പോൾ മൂലശ്ശേരി

7.മോളി രാജൻ അയിനിയേടത്ത്

8.കുപ്പ ഭവാനി പെരുമറ്റത്തിൽ

9.ലളിത സുന്ദരൻ അജ്ഞുവിഹാർ

10.സ്മിത അലിയാസ് പള്ളിപ്പുറത്ത്

11.സുമ ബാബു തട്ടാരുകുന്നേൽ

ഈ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദീകരണം അവശ്യപ്പെട്ടതിന്പ്രവർത്തിയുടെ വിവിധ ഘട്ടത്തിലാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ഗുണഭോക്താക്കളും ധനസഹായം ഉപയോഗപ്പെടുത്തി എന്നുറപ്പാക്കേണ്ടതാണ്.

# 3-5 തനത് ഫണ്ട് ചെലവുകൾ- പൊതുവായ ന്യൂനതകൾ

1. സാംഖ്യ ചെലവ് വൗച്ചറിന്റെ കോപ്പി വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇത് ഓഡിറ്റ് എൻക്വയറി മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് നൽകിയ മറുപടിയിൽ ഭാവിയിൽ ശ്രദ്ധിച്ചുകൊള്ളാം എന്ന് അറിയിച്ചിട്ടുണ്ട്. സാംഖ്യാ വൗച്ചറിന്റെ പ്രിന്റ് വൗച്ചറുകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്.
2. 21.06.13 ലെ ജി.ഒ.(പി) 3/2013 ധ 7.33.2 പ്രകാരം ടെൻഡറുകൾ ക്ഷണിക്കുമ്പോൾ യഥാർഥ സ്പെസിഫിക്കേഷൻ മാത്രം ഉൾപ്പെടുത്തേണ്ടതാണ്. ബ്രാന്റ് നെയിം, പേറ്റന്റ് എന്നിവ ഉൾപ്പെടുത്താൻ പാടില്ലാത്തതാണ്. എന്നാൽ 02.03.17 ൽ ചെക്ക് നമ്പർ 1359159 മുഖേന 48,800/- ചെലവഴിച്ച് കോൺഫറൻസ് ഹാളിന് റ്റി.വി വാങ്ങിച്ചപ്പോൾ, സോണിയുടെ ഇന്റർനെറ്റ് റ്റി.വി യും വി ഗാർഡിന്റെ സ്റ്റെബിലൈസറും സപ്ലൈ ചെയ്യുവാൻ ആവശ്യപ്പെട്ടു. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.
3. 2016-17 വർഷം പ്രേരക് മാരുടെ ഓണറേറിയം ഇനത്തിൽ 85,664/- രൂപ സാക്ഷരത മിഷനിൽ നിന്ന് തിരികെ ലഭിക്കേണ്ടതായിട്ടുണ്ട്. ഈ തുക തിരികെ ലഭിക്കുന്നതിനായി സാക്ഷരതാ മിഷൻ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

# 3-6 റവന്യൂ വകുപ്പിൽ നിന്നും വാഹന വാടകയും ഇന്ധനച്ചെലവും തിരികെ ലഭിച്ചില്ല.

KL-01-N-7757 ജീപ്പിന്റെ ലോഗ് ബുക്ക് പ്രകാരം, കേരള നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് , റവന്യൂ വകുപ്പ് 23.03.16 മുതൽ 19.05.16 വരെ പ്രസ്തുത ജീപ്പ് ഉപയോഗിച്ചിട്ടുണ്ട്. മേൽക്കാലയളവിലെ ഇന്ധന ചെലവ് ബ്ലോക്ക് പഞ്ചായത്താണ് വഹിച്ചിരിക്കുന്നത്. 07.04.2008 ലെ ജി.ഒ.(എം.എസ്) 82/2008 R.D പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ്, റവന്യൂ

റിക്കവറി എന്നിവ ഒഴികെയുള്ള ഉപയോഗങ്ങൾക്ക് റവന്യൂ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ വാടക നൽകേണ്ടതാണ്. ഇപ്രകാരം വാഹന വാടകയും ഇന്ധനച്ചെലവും റവന്യൂ വകുപ്പിൽ നിന്ന് തിരികെ ലഭിച്ചിട്ടില്ല. ഈ തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-7 വാഹന ഇൻഷ്വറൻസ് - അപാകതകൾ സംബന്ധിച്ച്

K.L.40 G-2054 കാറിന്റെ ഇൻഷുറൻസ് കാലാവധി 28.06.16 ന് അവസാനിച്ചതിനെ തുടർന്ന് , ഇൻഷുറൻസ് പുതുക്കുന്നതിനായി M/S നാഷണൽ ഇൻഷുറൻസ് കോ.ലിമിറ്റഡിന് 13,619/- രൂപ നൽകിയിട്ടുണ്ട് (ചെലവ്- ചെക്ക് നം,.1332095/13.06.16-20,881/-രൂപ). പ്രീമിയം ഡിമാന്റ് നോട്ടീസ് വൗച്ചറിന്റെ കൂടെ സൂക്ഷിച്ചിട്ടില്ല. 29.06.15 മുതൽ 28.06.16 വരെയുള്ള കാലയളവിൽ ഇൻഷ്വുറൻസ് ക്ലെയിം ലഭിച്ചിട്ടില്ലായെങ്കിൽ , വാഹനത്തിന് നോ ക്ലെയിം ബോണസിന് അർഹതയുണ്ട്. അടിസ്ഥാന പ്രീമിയമായ 8,443.13 രൂപയുടെ 35% ആയ 2,955/- രൂപ വരെ പ്രീമിയം തുകയിൽ നിന്നുള്ള ഇളവിന് അർഹതയുണ്ട്. ആയതിനാൽ മെ. നാഷണൽ ഇൻഷുറൻസ് കോ. ലിമിറ്റഡിൽ നിന്നും മേൽ വാഹനത്തിന് ഇൻഷ്വറൻസ് ക്ലെയിം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. നോ ക്ലെയിം ബോണസ് ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതുമാണ്.

# 3-8 വാഹനങ്ങൾ കണ്ടം ചെയ്യുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പഴക്കമേറിയ വാഹനം കണ്ടം ചെയ്യുന്നത് സംബന്ധിച്ച് 10.05.76 ലെ ജി.ഒ.(എം.എസ്) 110/76/ P.W. ലെ നിർദ്ദേശങ്ങൾ താഴെച്ചേർക്കുന്നു.

1. 1.6 ലക്ഷം കി.മീ, അല്ലെങ്കിൽ 10 വർഷം ഏതാണോ രണ്ടാമത് വരുന്നത് എന്ന മുറയ്ക്ക് കാലഹരണപ്പെട്ട വാഹനങ്ങൾ

2. കഴിഞ്ഞ മൂന്ന വർഷങ്ങളിലെ റിപ്പയർ ചാർജ് വാഹനത്തിന്റെ ബുക്ക് വാല്യുവിനേക്കാൾ കൂടുതലാണെങ്കിൽ

3. റിപ്പയർ ചെയ്യുതിന് ശേഷമുള്ള മാർക്കറ്റ് വില റിപ്പയറിന്റെ എസ്റ്റിമേറ്റ് തുകയേക്കാൾ കുറവാണെങ്കിൽ

4. മേൽക്കാരണങ്ങളാൽ റീജിയണൽ എൻജിനീയറിംഗ് വർക്ക്ഷോപ്പിലെ അസി.എൻജിനീയറുടെ ഉപദേശം തേടാവുന്നതും അതിന്റെ അടിസ്ഥാനത്തിൽ വാഹനം കണ്ടം ചെയ്യൽ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

   ബ്ലോക്ക് പഞ്ചായത്തിലെ ജീപ്പ് K.L.01.N-7757 ജീപ്പ് നിർമ്മിക്കപ്പെട്ട വർഷം 1998 ആണ്. സ്പീഡോ മീറ്റർ 2012ൽ റീ സെറ്റ് ചെയ്തിട്ടുണ്ട്. റീ സെറ്റ് ചെയ്തതിന് ശേഷം തന്നെ 44,441/- കിലോമീറ്റർ ഓടിയിട്ടുണ്ട്. ഇപ്പോഴും വാഹനം വാഹനത്തിന്റെ ബുക്ക് വാല്യൂ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് പ്രകാരം (Insured declared value)പൂജ്യമാണ്. 14.10.16 മുതൽ 28.03.17 വരെയുള്ള ആറ് മാസക്കാലയളവിലെ റിപ്പയർ ചെലവ് താഴെച്ചേർക്കുന്നു.

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 1359130 | 14.10.16 | 5,145/- |
| 1359151 | 20.01.17 | 5,350/- |
| 1359166 | 28.03.17 | 17,455/- |
| ആകെ | | 27,950/-രൂപ |

വാഹനം കണ്ടം ചെയ്യാൻ ബ്ലോക്ക് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-9 പെയിൻ ആന്റ് പാലിയേറ്റീവ് പ്രോഗ്രാം- പദ്ധതി മാർഗ്ഗരേഖകൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | S0025/17 പെയിൻ ആന്റ് പാലിയേറ്റീവ് പ്രോഗ്രാം |
| അടങ്കൽ | വികസന ഫണ്ട് -6,50,000 |
| ചെലവ് | ബിൽ നം.1/2016-17/09.12.2016- 1,02,906<br>2/2016-17/ 09.03.17 - 48,371<br>6/2016-17/31.03.17 - 1,84,136<br>7/2016-17/31.03.17 - 11,500<br>ആകെ = 3,46,913 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി- കടയിരിപ്പ് |

1. 29.10.2015ലെ സ.ഉ.(സാധാ)നം.3217/2015/ത.സ്വ.ഭ.വ. പാലിയേറ്റീവ് കെയർ പദ്ധതി മാർഗ്ഗരേഖ പ്രകാരവും, പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരവും ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവ നിർബന്ധമായും ഏറ്റെടുക്കേണ്ട പ്രോജക്ടാണ് ഹോംകെയർ പ്രോജക്ട്. മേൽ മാർഗ്ഗരേഖകൾ പ്രകാരം ഹോംകെയർ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നടപ്പാക്കാവുന്നതല്ല.

2.മേൽ മാർഗരേഖ പ്രകാരം ഹോംകെയർ പ്രോജക്ടുമായി ബന്ധപ്പെട്ട് ഡ്രൈവറുടെ വേതനം, പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി ഓടിയ ദൂരത്തിന്റെ ഇന്ധനച്ചെലവ്, മെയന്റനൻസ് ചെലവ് എന്നിവ എച്ച്.എം.സി യിൽ നിന്ന് നൽകാവുന്നതും എച്ച്.എം.സി യ്ക്ക് പ്രോജക്ടിൽ നിന്നും റീ ഇംബേഴ്സ് ചെയ്ത് നൽകാവുന്നതുമാണ്. എച്ച്.എം.സി യുടെ രസീത് സൂക്ഷിക്കേണ്ടതുമാണ്. വാഹനത്തിന്റെ ഇൻഷ്വറൻസ് പ്രീമിയം വികസന ഫണ്ടിൽ നിന്ന് നൽകാവുന്നതല്ല. എന്നാൽ വൗച്ചർ നമ്പർ 26 പ്രകാരം 5,254/- രൂപ നാഷണൽ ഇൻഷ്വറൻസ് കമ്പനിയ്ക്ക് നൽകിയിട്ടുണ്ട് (ബിൽ നമ്പർ 06 /2016-17).

പദ്ധതി മാർഗ്ഗരേഖയും പാലിയേറ്റീവ് കെയർ പദ്ധതി മാർഗ്ഗരേഖയും പാലിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തുക ലഭിച്ച വർഷം | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 2016-2017 | ഐക്കരനാട് | 4,80,000 | പിഎം എവൈ ഗുണഭോക്താക്കൾക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം | 1,80,000 | 3,00,000 |
| 2016-2017 | കുന്നത്തുനാട് | 1,60,000 | | 60,000 | 1,00,000 |
| 2016-2017 | മഴുവന്നൂർ | 6,00,000 | | - | 6,00,000 |
| 2016-2017 | പൂതൃക്ക | 3,20,000 | | 60,000 | 2,60,000 |
| 2016-2017 | വടവുകോട് പുത്തൻകുരിശ് | 2,20,000 | | 1,40,000 | 80,000 |
| 2016-2017 | തിരുവാണിയൂർ | 2,80,000 | | - | 2,80,000 |

## 4-2 ഡിപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| വാട്ടർ അതോറിറ്റി | കുന്നത്തുനാട് പഞ്ചായത്ത് ഏഴാം വാർഡ് ടെലിഫോൺ എക്സ്ചേഞ്ച് , മില്ലും പടി റോഡ്. സൊസൈറ്റിപ്പടി ലിങ്ക് റോഡ് കുടിവെള്ള പദ്ധതി | ബിൽ നമ്പർ 15/16-17 /27.03.2017 | 5,00,000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ/ ഉത്തരവ് നമ്പർ ,തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച ടക്കുവാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക<br>മുതൽ | പലിശ | തിരിച്ചടക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|
| ഐഎവൈ ലോൺ പലിശ, തിരിച്ചടവ്. 90/13/ തസ്വഭവ 14.03.13 | 7200000 | 1,02,60,200 (72,00,000+ 30,60,200) | - | 17,96,964 | 84,63,236 (72,00,000+ 12,63,236) |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-2004 | 3.9 | 2006-2007 | 3.42 | ഊന്നുകല്ല്-നിരപ്പ് കോളനി ജല സേചനം എന്ന പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | പ്രവൃത്തി പൂർത്തീകരിക്കുന്ന തിനായി ഭരണ സമിതി യോഗം ചേർന്ന് സബ് കമ്മറ്റി രൂപീകരിച്ചു. സബ് കമ്മറ്റി റിപ്പോർട്ട് ലഭിക്കുന്നതിനായി കാത്തിരിക്കുന്നു. |

# 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,16,19,219/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,24,14,043/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11,067/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,38,933/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | നഷ്ടമായ തുക | | |
|---|---|---|---|
| ഖ ണ്ഡിക ന മ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
| 3-3 | - | 11067 | ശ്രീ ടി.ബി. മീരാൻ കുഞ്ഞ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7,50,000/- | ശ്രീ എൻ.കെ. ഉണ്ണിമോൻ, അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |
| 3-3 | 4,88,933/- | ശ്രീ ടി.ബി. മീരാൻ കുഞ്ഞ്, സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 12,38,933/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ടി.ബി. മീരാൻ കുഞ്ഞ്, സെക്രട്ടറി | സെക്രട്ടറി, വടവുകോട് ബ്ലോക്ക് പഞ്ചായത്ത് | തട്ടുപറമ്പിൽ ഹൗസ്, അശമന്നൂർ പി.ഒ., ഓടക്കാലി, നൂലേലി, എറണാകുളം |
| ശ്രീ എൻ.കെ. ഉണ്ണിമോൻ, അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി), വടവുകോട് ബ്ലോക്ക് പഞ്ചായത്ത് | നീലങ്ങത്ത് ഹൗസ്, കണിയാം പുഴ റോഡ്, വൈറ്റില പി.ഒ., കൊച്ചി-19 |
| ഡോ. രാജലക്ഷ്മി എം., മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കടയിരുപ്പ്) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കടയിരുപ്പ്) | വില്ല നം. 7, കെന്റ് ഇല്ലം, പുതിയറോഡ്, വെണ്ണല പി.ഒ., എറണാകുളം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.ഇ.(സി.1)782/2012 തീയതി 16.05.2012 |
| 1996-97 | |
| 1997-98 | |
| 1998-99 | |
| 1999-2000 | |
| 2000-01 | |
| 2001-02 | |
| 2002-03 | |
| 2003-04 | |

| | |
|---|---|
| 2004-05 | |
| 2005-06 | എൽ.എഫ്.ഇ.(സി.1)782/2012 തീയതി 16.05.2012 |
| 2006-07 | |
| 2007-08 | |
| 2008-09 | |
| 2009-10 & 2010-11 | എൽ.എഫ്.ഇ.(ബി.പി.1)2462/13 തീയതി 19.02.2014 |
| 2011-12 | എൽ.എഫ്.ഇ.(ബി.പി.1)298/13 തീയതി 19.02.2014 |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.1)302/14 തീയതി 10.09.2014 |
| 2013-14 | എൽ.എഫ്.ഇ.(ബി.പി.1)486/15 തീയതി 10.07.2015 |
| 2014-15 & 2015-16 | KSAEKM(BP) 1572/16 dt.4.10.2016 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ -ഇ.കെ.എം(ബി.പി)2028/ 17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
തീയതി.30.11.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

APPENDIX 1

No. KSA-EKM /2028/ 17

Kerala State Audit Department,
District Audit Office, Ernakulam
Date: 30.11.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vadavucode Block Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.
In my opinion, the Financial Statements of Vadavucode Block panchayat for the year 2016-17 properly presents the picture of income and expenditure.

Joint Director
District Audit Office
Ernakulam